# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2939 | 07.02.2018-ൽ മറുപടിക്ക് |

## ഇ-ചെലാൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ടോ; ഇതുമൂലമുള്ള നേട്ടങ്ങൾ വിശദമാക്കുമോ; | എ) ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുണ്ട്. ഇതുമൂലമുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1. രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകേണ്ട തീയതിയും സമയവും നിർശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കുവാനുള്ള സൗകര്യം ലഭ്യമാണ്.<br>2. ഒരു ആധാരം സംബന്ധിച്ച അത്യാവശ്യം വിവരങ്ങൾ ഇന്റർനെറ്റിലൂടെ അറിയുന്നതിനുള്ള സൗകര്യം.<br>3. ഇ-പേയ്മെന്റ് സൗകര്യം പ്രയോജനപ്പെടുത്തി ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷകന് ഓൺലൈൻ ആയി തന്നെ ലഭ്യമാക്കാവുന്നതാണ്.<br>4. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിലൂടെ കൂടുതൽ സുതാര്യത ഉണ്ടായിട്ടുണ്ട്.<br>5. ട്രഷറിയിൽ നിന്നും സ്റ്റാമ്പ് പേപ്പർ ഇഷ്യൂ ചെയ്യുന്നത് ഓൺലൈൻ വഴി ആയതിനാൽ സ്റ്റാമ്പിന്റെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ നിരീക്ഷിക്കാൻ കഴിയും.<br>6. രജിസ്റ്റർ ചെയ്യേണ്ട ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ ഒടുക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി സ്വമേധയാ കണക്കാക്കുന്നതിനുള്ള സൗകര്യം.<br>7. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സെൽഫോണിൽ എസ്.എം.എസ്. ആയി ലഭ്യമാകുന്നതിനുള്ള സൗകര്യം.<br>8. സംസ്ഥാനത്തെ ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്നു. |

| | |
|---|---|
| | 9. രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാകുന്നു.<br>10. രജിസ്ട്രേഷൻ സംബന്ധമായ എല്ലാ പണമിടപാടുകളും ഓൺലൈൻ സംവിധാനത്തിലൂടെ ഇടനിലക്കാരില്ലാതെ ഇടപാടുകാരന് നേരിട്ട് നടത്തുവാൻ കഴിയുന്നു. |
| ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ അടച്ചിരുന്ന രജിസ്ട്രേഷൻ ഫീസുകൾ ഇ-ചെലാൻ വഴി ട്രഷറിയിൽ അടയ്ക്കേണ്ടത് മൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ അടച്ചിരുന്ന രജിസ്ട്രേഷൻ ഫീസുകൾ ഇ-ചെലാൻ വഴി ട്രഷറിയിൽ അടയ്ക്കുന്നത് ഇടപാടുകാർക്ക് കൂടുതൽ സൗകര്യപ്രദമാണ്. |
| സി) പണമിടപാടുകൾക്ക് ഡബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | സി) ഡബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേന പണമൊടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**